# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 718        03.12.2014-ൽ മറുപടിക്ക്

## 'സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു ദി പുവർ'

**ചോദ്യം**        **മറുപടി**

ശ്രീ. ഇ.പി. ജയരാജൻ        ശ്രീ.വി.എസ്.ശിവകുമാർ

(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 'സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു ദി പുവർ' ഫണ്ടിൽ നിന്നും ഏതെല്ലാം രോഗങ്ങൾക്കാണ് ഇപ്പോൾ ചികിത്സാ ധന സഹായം നൽകുന്നത്; | (എ) | 'സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു ദി പുവർ' ഫണ്ടിൽ നിന്നും താഴെപ്പറയുന്ന രോഗചികിത്സകൾക്കാണ് ചികിത്സാ ധനസഹായം അനുവദിക്കുന്നത്.<br>1. മസ്തിഷ്ക ശസ്ത്രക്രിയ<br>2. ഹൃദയ ശസ്ത്രക്രിയ<br>3. കിഡ്നി മാറ്റിവെയ്ക്കൽ<br>4. ക്യാൻസർ (ശസ്ത്രക്രിയ, കീമോതെറാപ്പി, റേഡിയേഷൻ)<br>5. കരൾ മാറ്റിവെയ്ക്കൽ<br>6. പേസ് മേക്കർ ഇംപ്ലാന്റേഷൻ<br>7. ആഞ്ജിയോ പ്ലാസ്റ്റി<br>8. അസ്ഥിരോഗശസ്ത്രക്രിയകൾ (റ്റൂമർ റിസക്ഷൻ & പ്രോസ്തെസിസ്, ലംബാർ തൊറാസിക്, വെർട്ടിബ്രൽ ബോഡി റ്റൂമർ റിമൂവൽ)<br>9. ഡയാലിസിസ്<br>10. റ്റൂമർ റിമൂവൽ<br>11. കാൽമുട്ട് മാറ്റിവെയ്ക്കൽ |
| (ബി) | ഏതെല്ലാം ആശുപത്രികളിലെ ചികിത്സകൾക്കാണ് ഇപ്പോൾ ധനസഹായം നൽകുന്നത്; ഇപ്പോൾ പരമാവധി എത്ര തുകയാണ് നൽകുന്നത്; | (ബി) | താഴെപ്പറയുന്ന ആശുപത്രികളിലെ ചികിത്സകൾക്കാണ് ഇപ്പോൾ ധനസഹായം നൽകിവരുന്നത്.<br>1. ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് & ടെക്നോളജി, തിരുവനന്തപുരം.<br>2. റീജിയണൽ കാൻസർ സെന്റർ, തിരുവനന്തപുരം.<br>3. ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം.<br>4. ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി, ആലപ്പുഴ<br>5. ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി, തൃശ്ശൂർ<br>6. ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി, കോട്ടയം |

| | | | |
|---|---|---|---|
| | | | 7. ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി,കോഴിക്കോട്<br>8. സഹകരണ മെഡിക്കൽ കോളേജ് ആശുപത്രി, കൊച്ചി<br>9. ഇ.എം.എസ്.മെമ്മോറിയൽ സഹകരണ ആശുപത്രി, പാണമ്പ്ര, പെരിന്തൽമണ്ണ, മലപ്പുറം<br>10. സഹകരണ ഹൃദയാലയ മെഡിക്കൽ കോളേജ് ആശുപത്രി, പരിയാരം, കണ്ണൂർ.<br>11. ശ്രീ അവിട്ടം തിരുനാൾ ആശുപത്രി<br>12. മലബാർ കാൻസർ സെന്റർ, തലശ്ശേരി,കണ്ണൂർ.<br>13. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെറ്റേണൽ&ചൈൽഡ് ഹെൽത്ത്, കോഴിക്കോട്.<br>14. ജനറൽ ആശുപത്രി എറണാകുളം<br>15. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചൈൽഡ് ഹെൽത്ത്, കോട്ടയം.<br>ഓരോ രോഗചികിത്സകൾക്കും അനുവദിക്കുന്ന പരമാവധി തുക ചുവടെ വിവരിക്കുന്നു.<br>1. മസ്തിഷ്ക ശസ്ത്രക്രിയ - പരമാവധി ഇരുപതിനായിരം രൂപ<br>2. ഹൃദയ ശസ്ത്രക്രിയ - പരമാവധി ഇരുപതിനായിരം രൂപ<br>3. കിഡ്നി മാറ്റിവെയ്ക്കൽ - പരമാവധി ഇരുപതിനായിരം രൂപ<br>4. ക്യാൻസർ (ശസ്ത്രക്രിയ, കീമോതെറാപ്പി, റേഡിയേഷൻ) - പരമാവധി ഇരുപതിനായിരം രൂപ<br>5. കരൾ മാറ്റിവെയ്ക്കൽ - പരമാവധി ഇരുപതിനായിരം രൂപ<br>6. പേസ് മേക്കർ ഇംപ്ലാന്റേഷൻ - പരമാവധി പതിനായിരം രൂപ<br>7. ആഞ്ജിയോ പ്ലാസ്റ്റി - പരമാവധി പതിനായിരം രൂപ<br>8. അസ്ഥിരോഗശസ്ത്രക്രിയകൾ (ട്യൂമർ റിസക്ഷൻ & പ്രോസ്തെസിസ്, ലംബാർ തൊറാസിക് വെർട്ടിബ്രൽ ബോഡി ട്യൂമർ റിമൂവൽ) - പരമാവധി പതിനായിരം രൂപ<br>9. ഡയാലിസിസ് -പരമാവധി പതിനായിരം രൂപ<br>10. ട്യൂമർ റിമൂവൽ - പരമാവധി പതിനായിരം രൂപ<br>11. കാൽമുട്ട് മാറ്റിവെയ്ക്കൽ - പരമാവധി പതിനായിരം രൂപ |

| | | | |
|---|---|---|---|
| (സി) | ഈ പദ്ധതി പ്രകാരം ആശുപത്രികൾക്കല്ലാതെ രോഗികൾക്ക് നേരിട്ട് ഫണ്ട് അനുവദിച്ചു നൽകുന്നുണ്ടോ; | (സി) | സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു ദി പുവർ പദ്ധതിയുടെ 01/02/2012-ൽ കൂടിയ ഇരുപത്തിമൂന്നാമത് ഗവേണിംഗ് ബോഡി തീരുമാനപ്രകാരം ചികിത്സാ ധനസഹായതുക രോഗികൾക്ക് നേരിട്ട് അനുവദിക്കുന്ന രീതിയാണ് ഇപ്പോൾ പിന്തുടരുന്നത്. |
| (ഡി) | 2014-15 സാമ്പത്തിക വർഷം ഈ പദ്ധതിക്ക് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ഡി) | 2014-15 സാമ്പത്തിക വർഷം സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു ദി പുവർ പദ്ധതിയ്ക്ക് ഒരു കോടി അമ്പതു ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. |
| (ഇ) | നടപ്പുസാമ്പത്തിക വർഷം എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഇ) | നടപ്പു സാമ്പത്തിക വർഷത്തിൽ സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു ദി പുവർ പദ്ധതിയിലൂടെ ഇതുവരെ 1,20,69,300/-രൂപ (ഒരു കോടി ഇരുപതു ലക്ഷത്തി അറുപത്തൊൻപതിനായിരത്തി മുന്നൂറ് രൂപ മാത്രം) 726 രോഗികൾക്ക് അനുവദിച്ചു. |

സെക്ഷൻ ഓഫീസർ